# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4799** **19.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നത് കണ്ടെത്താൻ പേപ്പർ സ്ലിപ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് വില്ക്കുന്ന മത്സ്യങ്ങളിൽ വ്യാപകമായി വിഷാംശം കണ്ടെത്തിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചില രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മത്സ്യങ്ങൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള കോൾഡ് സ്റ്റോറേജുകൾ ആവശ്യത്തിനില്ല എന്ന പരിമിതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | ബി) ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ശീതീകരണ സംവിധാനമുള്ള ലേല ഹാളുകളും, ശീതീകരണ സംവിധാനമുള്ള ആധുനിക മത്സ്യമാർക്കറ്റുകളും ഒരുക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. ശീതീകരണ സംവിധാനമൊരുക്കിയ 34 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തിയാകുകയും 3 എണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ചിൽഡ് സ്റ്റോറേജ് സൗകര്യം നടപ്പിലാക്കി വരുന്നുണ്ട്. |
| സി) മത്സ്യത്തിൽ ഫോർമാലിനും അമോണിയയും പോലുള്ള രാസവസ്തുക്കൾ കലർത്തുന്നത് കണ്ടെത്താൻ പേപ്പർ സ്ലിപ്പ് സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | സി) കേടാകാതിരിക്കാൻ മത്സ്യങ്ങളിൽ ചില രാസവസ്തുക്കൾ ചേർക്കുന്നത് തിരിച്ചറിയാൻ പേപ്പർ സ്ട്രിപ്പ് ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യ കേന്ദ്ര ഫിഷറീസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് (CIFT) മുഖേന വികസിപ്പിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |
| ഡി) ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക്, പേപ്പർ സ്ലിപ്പുകൾ വ്യാപകമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) CIFT വികസിപ്പിച്ചെടുക്കുന്ന മുറയ്ക്ക് പേപ്പർ സ്ട്രിപ്പുകൾ പ്രാദേശിക മെഡിക്കൽ സ്റ്റോറുകളും സമാന സ്വഭാവമുള്ള കടകളും വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**